# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2738** **17.06.2019 ലെ മറുപടി**

**ജലസംഗമം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2019 മെയ് 29 മുതൽ 31 വരെ തിരുവനന്തപുരത്തെ വഴുതക്കാട് ടാഗോർ തീയേറ്ററിൽ നടന്ന ജലസംഗമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) മൂന്ന് ദിവസങ്ങളിലായി എന്തെല്ലാം പരിപാടികളാണുണ്ടായിരുന്നതെന്നും പങ്കെടുത്തവർ ആരൊക്കെയായിരുന്നു വെന്നും വ്യക്തമാക്കാമോ; | (എ& ബി) കേരളത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ജലസംരക്ഷണ പ്രവർത്തങ്ങൾ വിദഗ്ധരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമാണ് 'ജലസംഗമം' എന്ന പേരിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. ഇതോടൊപ്പം വിജയകരമായി നടപ്പിലാക്കിയ മാതൃകകൾ മറ്റു തദ്ദേശസ്ഥാപനങ്ങൾക്ക് മനസിലാക്കി ഏറ്റെടുക്കുന്നതിന് സഹായിക്കുമെന്നും സെമിനാർ ലക്ഷ്യമിട്ടിരുന്നു. ഹരിതകേരളം മിഷന്റെ ടാസ്ക് ഫോഴ്സ് മീറ്റിംഗിന്റെ തീരുമാന പ്രകാരമാണ് സെമിനാർ നടത്തിയത്. വിവധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മൂന്നു മേഖലകളായി തിരിച്ചു.<br>1) നദി പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും<br>2) പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷാ പ്ലാനും<br>3) നഗരനീർച്ചാലുകളും, ജല പുനരുപയോഗവും.<br><br>മൂന്നു മേഖലകളിലെയും വിദഗ്ധർ അതാതു മേഖലയിൽ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവരുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഇത്തരം |

നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആദ്യ ദിവസം ജല മേഖലയിലെ വിവിധങ്ങളായ പ്രവർത്തനങ്ങളുടെ മാതൃകകളും ചിത്രങ്ങളും വീഡിയോകളും മറ്റും ഉൾപ്പെടുത്തി നടത്തിയ പ്രദർശനത്തിന്റെ ഉദ്ഘാടനം നടന്നു. അതോടൊപ്പം തദ്ദേശഭരണ സ്ഥാപന പ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ധരും മൂന്നു മേഖകളിൽ നടന്ന പ്രവർത്തനങ്ങൾ കോട്ടയത്തെ മീനച്ചിലാർ – മീനന്തറയാർ – കൊടൂരാർ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട , ആലപ്പുഴ ടൗൺ കനാലുകൾ എന്നിവ സന്ദർശിച്ചു വിലയിരുത്തി രണ്ടാം ദിവസം മൂന്നു മേഖലകളിലായി നടന്ന സെമിനാറിൽ 55 അവതരണങ്ങളും തുടർന്ന് അതാത് മേഖലയിലെ വിദഗ്ധരുടെ 19 അവതരണങ്ങളും നടന്നു. മൂന്നാം ദിവസം നടന്ന പ്ലീനറി സമ്മേളനത്തിൽ മൂന്നു മേഖലയിലെയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച കാഴ്ച്ചപാട് അവതരിപ്പിച്ചു.

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നുമായി 1464 പേർ രജിസ്റ്റർ ചെയ്തു ജലസംഗമത്തിൽ പങ്കെടുത്തു. ഇതു കൂടാതെ വിദഗ്ധരായി പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം I-ആയി ചേർത്തിരിക്കുന്നു

(സി) ജലസംഗമം പരിപാടി സംഘടിപ്പിക്കാൻ എത്ര തുക ചെലവായെന്നു ഇനം തിരിച്ച് വ്യക്തമാക്കാമോ?

(സി) 2019- മേയ് മാസം 29,30,31 തീയതികളിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലസംഗമം പരിപാടി സംഘടിപ്പിച്ചതിന് 52,76,293 രൂപ(അൻപത്തി രണ്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.കേരള ജല അതോറിറ്റിയുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്ന കളർഫോട്ടോ പ്രിന്റ് ചാർജ് 1920 രൂപയും ജലസേചനവകുപ്പിന് വർക്കിംഗ് മോഡൽ തയ്യാറാക്കി പ്രദർശിപ്പിച്ച വകയിൽ 1.10 ലക്ഷം രൂപയും ഇതിനു പുറമേ ചെലവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ.മനോജ് കെ.ജെയ്ൻ | ഐ.ഐ.ടി റൂർക്കി |
| 2 | ഡോ.വിനോദ് താരെ | ഐ.ഐ.ടി കാൻ പൂർ |
| 3 | ഡോ.ആതിര പി. | ഐ.ഐ.ടി പാലക്കാട് |
| 4 | ഡോ.നാരായണൻ എൻ.സി | ഐ.ഐ.ടി ബോംബെ |
| 5 | ഡോ.എൽദോ | ഐ.ഐ.ടി ബോംബെ |
| 6 | ഡോ.സന്തോഷ് തമ്പി | എൻ.ഐ.ടി കോഴിക്കോട് |
| 7 | ശ്രീ.ജോയ് കെ.ജെ | സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഇക്കോസിസ്റ്റം മാനേജ്മെന്റ് |
| 8 | ശ്രീ.അശുതോഷ് ഭട്ട് | ഗ്രാമവികാസ് |
| 9 | ശ്രീ.രാജീവ് സിംങ്ങാൻ | കേന്ദ്ര ജല കമ്മീഷൻ |
| 10 | ശ്രീ.പങ്കജ് കുമാർ ഷർമ്മ | കേന്ദ്രജല കമ്മീഷൻ |
| 11 | ഡോ.നീന ഐസക് | സി.ഡബ്ല്യൂ.പി.ആർ.എസ്, പൂനെ |
| 12 | ശ്രീമതി മധുലിക ചൗധരി | എൻവയോൺമെന്റൽ ആക്ടിവിസ്റ്റ് |
| 13 | ശ്രീ.പ്രദീപ് കുമാർ | ബയോസ്റ്റാർട്ട്സ് വെഞ്ചുവേർസ്, ജലശുചീകരണം |
| 14 | ഡോ.സുജ.ആർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൻഹിൽ |
| 15 | ശ്രീ.ആർ.രാമകുമാർ | സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം |
| 16 | ശ്രീ.ജേക്കബ് ജോൺ | അസിം പ്രേംജി ഫിലാന്ത്രോപിക് ഇനിഷിയേറ്റീവ്സ് |
| 17 | ഡോ.അനിത എ.ബി | സി.ഡബ്യു.ആർ.ഡി.എം |
| 18 | ഡോ.ദിനേഷൻ വി.പി | സി.ഡബ്ല്യൂ.ആർ.ഡി.എം |
| 19 | ശ്രീ.വി.കുഞ്ഞമ്പു | കേന്ദ്ര ഭൂജലബോർഡ് |
| 20 | ഡോ.പി.എസ് ഹരികുമാർ | സി.ഡബ്ല്യൂ.ആർ.ഡി.എം |
| 21 | ശ്രീ.സുനിൽകുമാർ | കേന്ദ്രജലകമ്മീഷൻ |
| 22 | ഡോ.പദ്മകുമാർ | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |
| 23 | ഡോ.ബിനോയ് ഏലിയാസ് | മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

| | | |
|---|---|---|
| 1 | ടാഗോർ തീയേറ്ററിലും പരിസരത്തുമായി മൂന്ന് വേദികൾ ഒരുക്കിയതിനും എക്സിബിഷൻ സ്റ്റാളുകൾ, രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭക്ഷണ കൗർ എന്നിവയുടെ നിർമ്മാണം അലങ്കാരം, ശബ്ദം, വെളിച്ചം, തിയേറ്ററിന്റെയും പരിസരത്തിന്റെയും വാടക ഉൾപ്പെടെ | ₹ 21,83,254 |
| 2 | ജലസംഗമത്തോടനുബന്ധിച്ചുള്ള സെമിനാറിൽ പങ്കെടുക്കുന്നതിന് എത്തിയ വിദഗ്ദ്ധർക്കും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി 979 പ്രതിനിധികൾക്ക് 29.06.2019 മുതൽ 31.06.2019 വരെ മസ്ക്കറ്റ് ഹോട്ടൽ, പഞ്ചായത്ത് അസോസിയേഷൻ ഹാൾ, മുനിസിപ്പൽ ഹൗസ്, RTTC(BSNL) കൈമനം തുടങ്ങി വിവിധ ഹോട്ടലുകൾ ഉൾപ്പെടെ താമസസൗകര്യം ഒരുക്കിയ ചെലവ് | ₹ 22,49,743 |
| 3 | യാത്രാചെലവുകൾ (കോട്ടയം, ആലപ്പുഴ, കാട്ടാക്കട എന്നിവിടങ്ങളിലേക്കുള്ള സൈറ്റ് വിസിറ്റ് , പങ്കെടുത്ത വിദഗ്ധരുടെ യാത്രാചെലവ് ഉൾപ്പെടെ | ₹ 4,42,470 |
| 4 | ജലസംഗമത്തിൽ പങ്കെടുത്തവർക്ക് 3 ദിവസങ്ങളിലായി ഭക്ഷണം നൽകിയതിന് മുൻകൂറായി കുടുംബശ്രീക്ക് നൽകിയ തുക (അന്തിമബിൽ ജില്ലാ കുടുംബശ്രീയിൽ നിന്നും ലഭിച്ചിട്ടില്ല) | ₹ 2,00,000 |
| 5 | പ്രിതിനിധികൾക്ക് ബാഗ്, പേന, റൈറ്റിംഗ് പാഡ് തുടങ്ങിയവ നൽകിയ വകയിൽ ചെലവായ തുക | ₹ 2,00,826 |
| 6 | ആകെ (അമ്പത്തി രണ്ട്ലക്ഷത്തി എഴുപത്താറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) | ₹ 52,76,293/- |

സെക്ഷൻ ഓഫീസർ